LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2-7-2013-ലെ ജി.ഒ. (എംഎസ്.) 165/2013/ആഭ്യന്തരം പ്രകാരമാണ് കോൾ സെന്റർ രൂപീകരിക്കാൻ സർക്കാർ ഉത്തരവായത്.

(ബി) തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ കോൾ സെന്റർ രൂപീകരിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥ തലത്തിൽ നടന്നുവരികയാണ്.

(സി) ഓരോ സെന്ററിലും 2 വീതം വനിതാ സിവിൽ പോലീസ് ഓഫീസേഴ്സിന്റെ സേവനം 24 മണിക്കൂറും ലഭ്യമായിരിക്കും. ഇതിനായി 8 വനിതാ സിവിൽ പോലീസ് ഉദ്യോഗസ്ഥർ 3 ഘട്ടങ്ങളിലായി (8 മണിക്കൂർ x 3) വേണ്ടി വരും. വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഏറ്റവും പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരം കോൾ സെന്ററുകൾ ഉപകാരപ്രദമായിരിക്കും.

പോലീസിലെ ഒഴിവുകൾ

210 (3844) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പോലീസ് സേനയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

അനാശാസ്യം ഒളികാമറവഴി ചിത്രീകരിച്ച് പണം തട്ടിയ സംഘം

211 (3845) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാശാസ്യം ചിത്രീകരിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത സംഘത്തെക്കുറിച്ചുള്ള എറണാകുളം നോർത്ത് സി.ഐ.-യുടെ നേതൃത്വത്തിലുള്ള പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) എത്ര തട്ടിപ്പുകാരെ പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി ; രജിസ്റ്റർ ചെയ്ത കേസ് നമ്പറുകൾ വിശദമാക്കാമോ ;

(സി) അന്വേഷണ ഘട്ടത്തിൽ എന്തെല്ലാം നിലവിലുള്ള പുതിയ വിവരങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭിക്കുകയുണ്ടായി ; അറസ്റ്റിലായ സംഘത്തിന്റെ ഒളിക്യാമറ ദൃശ്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; അതിന്റെ അടിസ്ഥാനത്തിലുള്ള തുടരന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത കേസ് ഇപ്പോൾ അന്വേഷിക്കുന്നതാരാണ് ; കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 999/14 കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി&ഡി) എറണാകുളം ടൗൺ നോർത്ത് പോലീസ് ഇൻസ്പെക്ടർ ശ്രീ. എൻ. സി. സന്തോഷിന്റെ നേതൃത്വത്തിലാണ് ടി കേസ് അന്വേഷണം നടത്തിവരുന്നത്. ടി കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വിളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി

212 (3846) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പോലീസ് ഓഫീസർമാർക്കെതിരെ ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും തസ്തികയും ഇവരിൽ ആർക്കെതിരെയൊക്കെ കേസ്സ് നിലവിലുണ്ട് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് പരാതി ഉയർന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, കേസ് നിലവിലുണ്ടോ എന്നും മറ്റുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly